**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1205** **12-02-2025 - ൽ മറുപടിയ്ക്ക്**

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് ഏനാമാവ് പള്ളി ജംഗ്ഷൻ ഭാഗം വീതി കൂട്ടാൻ എം.എൽ.എ. ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാമാവ് പള്ളി ജംഗ്ഷൻ ഭാഗം വീതി കൂട്ടുന്നതിനായി എം.എൽ.എ. യുടെ ആസ്തി വികസന പദ്ധയിൽ ഉൾപ്പെടുത്തി ആദ്യം 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും എന്നാൽ പ്രസ്തുത തുക അപര്യാപ്തമായതിനാൽ 2024-25 വർഷം എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി പ്രകാരം 50 ലക്ഷം രൂപ കൂടി അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | 23/02/2015 ൽ പൊതുമരാമത്ത് വകുപ്പ് 130 ലക്ഷം രൂപയുടെയും 18/09/2024 ൽ തദ്ദേശസ്വയംഭരണ വകുപ്പ് 50 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് റോഡ് വീതികൂട്ടുന്നതിനായി Total Station Survey നടത്തി അലൈൻമെന്റ് ഫിക്സ് ചെയ്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാറുടെ റിപ്പോർട്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 1,60,24,406/- രൂപയാണ് വരുന്നതെന്നും, ആയതിന്റെ 5% Contingency Charge ആയ 8,01,220/- രൂപ അടക്കുന്നതിനു നിർദേശിച്ചിട്ടുമുണ്ട്. 130 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് 52,50,000/-രൂപയാണ് അനുവദിച്ചിരുന്നത്. ബഹു. M L A യുടെ 2024 -25 ആസ്തി വികസന ഫണ്ടിൽ നിന്നും ലഭിച്ച 50 ലക്ഷം രൂപയിൽ Contingency Fund ആയ 8,01,220 /- രൂപ അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ? | (സി) | Total Station Survey നടത്തി അലൈൻമെന്റ് ഫിക്സ് ചെയ്ത് ചീഫ് എഞ്ചിനീയർ അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചു. തുടർന്ന് അതിർത്തി കല്ലുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ